15. സുമാർ 40 ഗ്രാം തൂക്കം വരുന്ന വെളുത്ത ക്രിസ്റ്റൽ രൂപത്തിലുള്ള തരി അടങ്ങിയ പ്ലാസ്റ്റിക് പൊതി - 1 (ഒന്ന്)

16. കറുത്ത നിറത്തിലുള്ള കയ്യുറകൾ - 2 (രണ്ട്)

17. കറുത്ത നിറത്തിലുള്ള റെക്സിൻ ബാഗ് - 1 (ഒന്ന്)

18. The Best എന്ന് എഴുത്തുള്ള പ്ലാസ്റ്റിക് കവർ - 1 (ഒന്ന്)

19. VENUS V 7800 A1 GAS FITTERS എന്നും മറ്റും എഴുത്തുള്ള മാസ്ക് - 1 (ഒന്ന്)

20. സ്പിരിറ്റ് ലാമ്പ് - 1 (ഒന്ന്)

ഫോറൻസിക് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത കേസ്സ് ഇപ്പോൾ കസബ പോലീസ് അന്വേഷിച്ച് വരുന്നു.

കൊല്ലം റൂറൽ പോലീസ് ആസ്ഥാനം

50 (1520) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ റൂറൽ പോലീസ് ആസ്ഥാനം എവിടെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത് ;

(ബി) റൂറൽ പോലീസ് സംവിധാനത്തിൽ പുതിയതായി എത്ര തസ്തികകൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കൊല്ലം ജില്ലയിലെ റൂറൽ പോലീസ് ആസ്ഥാനം കൊട്ടാരക്കരയിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. 5-2-2011-ലെ ജി.ഒ. (എംഎസ്.) 32/2011/ആഭ്യ. പ്രകാരം കൊല്ലം പോലീസ് ജില്ല വിഭജിച്ച് കൊല്ലം ആസ്ഥാനമാക്കി കൊല്ലം സിറ്റി പോലീസ് ജില്ലയും കൊട്ടാരക്കര ആസ്ഥാനമാക്കി കൊല്ലം റൂറൽ പോലീസ് ജില്ലയും രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. റൂറൽ പോലീസ് ജില്ലയിലേക്ക് അനുവദിക്കേണ്ട തസ്തികകളെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്

51 (1521) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിച്ചൽ ഗ്രാമപഞ്ചായത്തംഗം ശ്രീമതി ജയലതികയെ ജാതിപേര് പറഞ്ഞ് അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly